# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1016 10.08.2017 ൽ മറുപടിക്ക്**

**താനൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ച പൊതുമരാമത്ത് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.വി. അബ്ദുറഹിമാൻ | | ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) | കഴിഞ്ഞ സർക്കാരിന്റെ അവസാന ബഡ്ജറ്റിലും ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലുമായി താനൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ച പൊതുമരാമത്ത് പദ്ധതികൾ, അവയ്ക്ക് ഓരോന്നിനും അനുവദിച്ച തുക എന്നിവ വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതികളിൽ ഏതെല്ലാം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നറിയിക്കുമോ; | എ) | താനൂർ മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിലനുവദിച്ച പ്രവൃത്തികൾ<br><br>1.താനൂർ എൽ എ സി 2016-17- മൂച്ചിക്കൽ - മഞ്ഞളാംപടി കി മി 0/000മുതൽ 2/000 വരെ ബി എം & ബി സി പ്രവൃത്തി- 185ലക്ഷം രൂപ - ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.<br>2. ഒഴൂർ - പാണ്ടിമുറ്റം റോഡിൽ കി മീ 0/000 മുതൽ 4/400 വരെ ബി എം & ബി സി പ്രവൃത്തി- 365ലക്ഷം രൂപ - സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്.<br>3. പൂക്കയിൽ - ഉണ്ണിയാൽ റോഡ് കി മീ 0/000 മുതൽ 3/300 വരെ ബി എം & ബി സി പ്രവൃത്തി- 255ലക്ഷം രൂപ - സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്.<br>4. താനൂർ റെയിൽവേ സ്റ്റേഷൻ - ഒറിയാൻകുളം റോഡിൽ കി മീ 0/000 മുതൽ 0/400 വരെ ബി എം & ബി സി പ്രവൃത്തി- 150 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാർ പരിശോധിച്ചു വരുന്നു.<br>കെട്ടിടവിഭാഗത്തിന്റെ കീഴിൽ വരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.<br>ദേശീയപാത വിഭാഗത്തിൽ പദ്ധതികളൊന്നും തന്നെയില്ല. |
| ബി) | ഇപ്പോൾ പ്രവൃത്തി നടക്കുന്ന പദ്ധതികൾ, ഇനി ആരംഭിക്കാനുള്ള പദ്ധതികൾ എന്നിവ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; നിയുക്ത പദ്ധതികൾ ഏതു കാലയളവിൽ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്നറിയിക്കാമോ? | ബി) | കെട്ടിടവിഭാഗത്തിൽ വരുന്ന പ്രവൃത്തികൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.<br>പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

(എ) 1. കാട്ടിലങ്ങാടി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്ക്കൂൾ കെട്ടിട നിർമ്മാണം –– 300 ലക്ഷം (സിവിൽ പ്രവർത്തികൾ പൂർത്തിയായി)

2. ദേവദാർ സ്ക്കൂളിന്റെ 3-ാം നിലയിലെ ടോയിലറ്റ് ബ്ലോക്കിന്റെ ബാലൻസ് പ്രവൃത്തികൾ 50 ലക്ഷം ( അവസാനഘട്ട പ്രവൃത്തികൾ പുരോഗമിക്കുന്നു.

3. താനൂർ ദേവദാർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്ക്കൂൾ കെട്ടിട നിർമ്മാണം – 200 ലക്ഷം (പുതുക്കിയ മാസ്റ്റർ പ്ലാൻ അനുസരിച്ച് പ്രവർത്തി ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

4. ചെറിയമുണ്ടം ഗവൺമെന്റ് ഐ.ടി.ഐ ഹോസ്റ്റൽ കെട്ടിട നിർമ്മാണം 2-ാം ഘട്ടം 118 ലക്ഷം ((പ്രവർത്തി ടെണ്ടർ ചെയ്തു)

5 . കേരളാധീശ്വരപുരം ഗവൺമെന്റ് ഐ.ടി.ഐ (എസ്. സി.ഡി.ഡി) ഹോസ്റ്റൽ കെട്ടിട നിർമ്മാണം - എസ്റ്റിമേറ്റ് തയ്യാറാക്കി കൊണ്ടിരിക്കുന്നു. (സ്ഥലം ലഭ്യമാക്കേണ്ടതുണ്ട്)

6. ജി.എച്ച്. എസ്.എസ് പൊൻമുണ്ടം - 1.5 കോടതി ( സ്ഥലമെടുപ്പ് നടന്നില്ല)

7. ചെറിയമുണ്ടം ഐ.ടി.ഐ കെട്ടിട നിർമ്മാണം –– 351 ലക്ഷം (പ്രവർത്തി തുടങ്ങി, സംരക്ഷണ ഭിത്തി നിർമ്മാണം പുരോഗമിക്കുന്നു. കെട്ടിടത്തിന്റെ ഫൗണ്ടേഷൻ നിർമ്മാണം പുരോഗമിക്കുന്നു.

സെക്ഷൻ ഓഫീസർ.

അനുബന്ധം - 2

**(ബി) ഇപ്പോൾ നടക്കുന്ന പദ്ധതികൾ**

1. ദേവദാർ സ്ക്കൂളിന്റെ 3-ാം നിലയിലെ ടോയ്‌ലറ്റ് ബ്ലോക്കിന്റെ ബാലൻസ് പ്രവർത്തികൾ 50 ലക്ഷം ( പ്രതീക്ഷിക്കുന്ന പൂർത്തികരണ കാലാവധി 2017)
2. ചെറിയമുണ്ടം ഐ.ടി.ഐ കെട്ടിടനിർമ്മാണം - 351 ലക്ഷം ( പ്രതീക്ഷിക്കുന്ന പൂർത്തികരണ കാലാവധി 2017)

**ആരംഭിക്കാനുള്ള പദ്ധതികൾ**

1. താനാളൂർ ദേവദാർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്ക്കൂൾ കെട്ടിട നിർമ്മാണം.
2. ചെറിയമുണ്ടം ഗവൺമെന്റ് ഐ.ടി.ഐ ഹോസ്റ്റൽ കെട്ടിട നിർമ്മാണം 2-ാം ഘട്ടം
3. കേരളാധീശ്വരപുരം ഗവൺമെന്റ് ഐ.ടി.ഐ (എസ്. സി.ഡി.ഡി) ഹോസ്റ്റൽ കെട്ടിട നിർമ്മാണം
4. ജി.എച്ച്. എസ്.എസ് പൊൻമുണ്ടം

സെക്ഷൻ ഓഫീസർ.